**പത്രക്കുറിപ്പ്**
**30-3-2017**

# കുടുംബശ്രീ വനിതകൾ ഇനി റബർ ടാപ്പിംഗ് മേഖലയിലേക്കും

തിരുവനന്തപുരം: കുടുംബശ്രീ വനിതകൾ ഇനി റബർ ടാപ്പിംഗ് മേഖലയിലേക്കും. അയൽക്കൂട്ട വനിതകൾക്ക് പുതിയൊരു വരുമാനദായക തൊഴിൽമേഖല കണ്ടെത്തുന്നതിനോടൊപ്പം പ്രകൃതിദത്ത റബറിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി കുടുംബശ്രീയും റബർ ബോർഡും സംയുക്തമായി റബർകൃഷി മേഖലകളിലെ റബർ ഉൽപാദക സംഘങ്ങൾ കേന്ദ്രീകരിച്ച് തൊഴിൽ സേനകൾ രൂപീകരിക്കും.

നൂതനമായ തൊഴിൽ സംരംഭങ്ങളിലൂടെ കേരളത്തിലെ സാധാരണക്കാരായ വനിതകൾക്ക് മികച്ച ജീവിതോപാധികളൊരുക്കിയ കുടുംബശ്രീയുടെ മറ്റൊരു ശ്രദ്ധേയമായ തുടക്കമാണിത്. അയൽക്കൂട്ട വനിതകൾക്ക് അനുയോജ്യമായ തൊഴിൽ ലഭ്യമാക്കുന്നതിനോടൊപ്പം ഈ മേഖലയിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. ഒരാൾക്ക് പ്രതിദിനം എണ്ണൂറു രൂപ വരുമാനം നേടാനാകുമെന്നാണ് പ്രതീക്ഷ. സംസ്ഥാനതലത്തിൽ നടപ്പാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ 30 വനിതകൾക്ക് റബർ ടാപ്പിങ്ങിൽ പരിശീലനം നൽകി. ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ജില്ലയിലെ രാമമംഗലം റബർ ഉൽപാദക സംഘത്തിന്റെ നേതൃത്വത്തിൽ 'ഹരിത' എന്ന പേരിൽ തൊഴിൽ സേനയും രൂപീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ പുരോഗതി വിലയിരുത്തിയ ശേഷം കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. റബർ കൃഷി ഏറ്റവും കൂടുതലായുള്ള കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ അയൽക്കൂട്ട വനിതകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**